മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ ആൻഡ് ബി) വിവരങ്ങളടങ്ങുന്ന ഒരു † സ്റ്റേറ്റുമെന്റു മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

(സി) അത്യാവശ്യമുള്ള സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടു്.

ശ്രീമതി കുസുമം: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 268 വിദ്യാർത്ഥിനികളും പഠിക്കുന്നതിൽ 136 വിദ്യാർത്ഥിനികൾക്കു് മാത്രമേ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂ. അതേപോലെ 715 ആൺകുട്ടികളും പഠിക്കുന്നതിൽ 384 പേർക്കുമാത്രമേ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂ. തിരുവനന്തപുരം ഇൻജിനീയറിംഗ് കോളേജിൽ 1183 ആൺകുട്ടികളും പഠിക്കുന്നതിൽ 452 പേർക്കു മാത്രമേ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂ. ഇക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലെടുത്തു് ആൺകുട്ടികൾക്കു് ഹോസ്റ്റൽ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണെങ്കിലും, വളരെ ദൂരെനിന്നു് വന്നു പഠനം നടത്തുന്ന വിദ്യാർത്ഥിനികൾക്കു് ആവശ്യമായ ഹോസ്റ്റൽ സൗകര്യം ചെയ്തുകൊടുക്കുന്നതിൽ മുൻഗണന കൊടുക്കുമോ?

ശ്രീ. ആർ. ശങ്കർ: ഈ സ്ഥാപനങ്ങളിലെല്ലാംതന്നെ വർദ്ധിച്ച തോതിലുള്ള ഹോസ്റ്റൽ സൗകര്യം വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു് ചെയ്തുകൊടുക്കുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടു്. ക്രമേണ അതു് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണു്.

പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന നിവേദനം

* 618. [7] ‡ ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ തങ്ങളേയും ഉൾപ്പെടുത്തണമെന്നു കാണിച്ചു് ഏതെല്ലാം സമുദായങ്ങൾ ഈ ഗവണ്മെൻറിലേക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടു്;

(ബി) ഇക്കാര്യത്തിൽ ഏതെല്ലാം സമുദായങ്ങളുടെ പ്രശ്നം ഈ ഗവണ്മെൻറു കേന്ദ്രഗവണ്മെൻറിലേക്കു് എഴുതി; അതിന്റെ ഫലമെന്തു്;

(സി) കുടുംബി സമുദായത്തെ പട്ടികജാതിയിൽ പെടുത്തണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) അക്കാര്യത്തിൽ ഈ ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും അംഗീകരിച്ചിട്ടുള്ള നടപടിയെന്താണു്;

(ഈ) പെരുമണ്ണാൻ സമുദായത്തിനു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ സ്റ്റേറ്റിന്റെ ഏതെങ്കിലും ഭാഗത്തു് എടുത്തുകളഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടു്?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) കുടുംബി, തണ്ടാൻ (മലബാർ), പെരുവണ്ണാൻ, മുകയർ, വേലൻ, വർണ്ണവർ, പരവൻ, വിശ്വകർമ്മ, തോൽകൊല്ലൻ, മുകയൻ, പെരുങ്കൊല്ലൻ, കുലാല, വേട്ടുവൻ, നായിക്കൻ, ഗണക, കുറവൻ, വെള്ളത്തേടത്തുനായർ, നായിഡു, ചക്കമർ, ചെമ്മാൻ, പണിയൻ, വണ്ണാൻ, പള്ളുവൻ, വീരശൈവ മുതലായ സമുദായങ്ങളിൽനിന്നു് നിവേദനം ലഭിച്ചിട്ടുണ്ടു്.

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവണ്മെൻറുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

(സി) ഉണ്ടു്.

---

† Appendix—I

‡ Put by Shri E. P. Gopalan.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുടുംബി സമുദായത്തിലുള്ള കുട്ടികൾക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽനിന്നും പട്ടികജാതിക്കാർക്ക് നൽകിവരുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും കൊടുത്തുവരുന്നുണ്ട്. കേന്ദ്ര ഗവണ്മെന്റ് ഈ സമുദായത്തെ പട്ടികജാതിയായി അംഗീകരിച്ചിട്ടില്ല.

(ഇ) ഉദ്യോഗസംവരണത്തിനായി കേരളത്തിലെ പെരുമണ്ണാൻ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിരുന്നു. പക്ഷേ ഇത് തെറ്റാണെന്നു പിന്നീട് മനസ്സിലായതിനാൽ 29-10-1962-ൽ ഉണ്ടായ ഗവണ്മെന്റ് ഓർഡർ പ്രകാരം തിരുകൊച്ചിയിലുള്ള പെരുമണ്ണാൻ സമുദായത്തിനു മാത്രമേ ഇപ്പോൾ സംവരണമുള്ളൂ.

ശ്രീ ടി. കൃഷ്ണൻ: ഈ ചോദ്യത്തിൽ തങ്ങളേയുംകൂടി ചേർക്കണമെന്നു പറയുന്നു. അങ്ങനെ ഏതെങ്കിലും തങ്ങളെക്കൂടി ചേർക്കാൻ വല്ല പ്രത്യേക നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഞാൻ പറഞ്ഞ ഉത്തരത്തിൽ അങ്ങനെയില്ല.

ശ്രീ. എൻ. ഇ. ബലറാം: ഇതുവരെ പഴയ മലബാർ ഭാഗത്തെ പെരുമണ്ണാൻ സമുദായത്തിനു കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യം ഇപ്പോൾ ഉപേക്ഷിക്കാൻ കാരണം എന്താണ്?

ശ്രീ. കെ. കുഞ്ഞമ്പു: മലബാറിലെ പെരുമണ്ണാൻ സമുദായത്തിനു് ഇപ്പോഴും വിദ്യാഭ്യാസസൗജന്യങ്ങളും കൊടുക്കുന്നുണ്ട്. മലബാർ മദ്രാസിലായിരുന്ന കാലത്തു് അവരെ പിന്നാക്കസമുദായത്തിൽ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. നമ്മുടെ സംസ്ഥാനമുണ്ടായതിനുശേഷം 1958-ൽ തെറ്റായ ഒരു നടപടി സ്വീകരിച്ചു. അതു തിരുത്തിയാണു് ഈ ഗവണ്മെന്റ് ഒരു കല്പന പുറപ്പെടുവിച്ചതു്. ആ കല്പനപ്രകാരം മലബാറിലെ പെരുമണ്ണാൻ സമുദായത്തിനു് സ്പെഷ്യൽ പ്രൊവിഷൻ കൊടുക്കാൻ സാദ്ധ്യമല്ലെന്നാണു് പറഞ്ഞിട്ടുള്ളതു്. പക്ഷേ ഹരിജനക്ഷേമവകുപ്പിൽനിന്നു് കിട്ടേണ്ടതായ മറ്റു എല്ലാ ഔദാര്യങ്ങളും ഈ പെരുമണ്ണാൻ സമുദായത്തിനു് നൽകിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോൾ തിരു-കൊച്ചി ഭാഗത്തുള്ള പെരുമണ്ണാൻ സമുദായക്കാർക്കു് മറ്റു എല്ലാ ആനുകൂല്യങ്ങളും കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്നു മന്ത്രി ഇപ്പോൾ പറയുകയുണ്ടായി. മലബാറിലെ പെരുമണ്ണാൻ സമുദായത്തിനു് കൊടുത്തുകൊണ്ടിരുന്ന ഉദ്യോഗസംവരണം മുതലായ ആനുകൂല്യങ്ങളും ഈ സംസ്ഥാന ഗവണ്മെന്റിന്റെ ഒരു കല്പനപ്രകാരം നിറുത്തലാക്കി എന്നാണു് പറഞ്ഞതു്. തിരു-കൊച്ചി ഭാഗത്തു് കൊടുക്കുന്നു, മലബാറിൽ കൊടുക്കുന്നില്ല, ഇത്തരം ഒരു കല്പന പാസ്സാക്കാൻ എന്താണു് കാരണം? മലബാർ ഭാഗത്തുള്ള പെരുമണ്ണാൻ സമുദായത്തിനും ഈ ആനുകൂല്യങ്ങളും കൊടുക്കാൻ ഗവണ്മെന്റിനു് എന്താണു് ഇത്ര വൈഷമ്യം?

ശ്രീ. കെ. കുഞ്ഞമ്പു: പട്ടികജാതിക്കാരുടെ ലിസ്റ്റു തയ്യാറാക്കുന്നതിനു് സംസ്ഥാന ഗവണ്മെന്റിനു് അധികാരമില്ല ഇൻഡ്യാ ഗവണ്മെന്റാണു് അതു ചെയ്യേണ്ടതു്. 1956 ൽ മലബാർ പ്രദേശത്തെ പെരുമണ്ണാൻ, പരവൻ, പുള്ളുവൻ തുടങ്ങിയ സമുദായങ്ങളെ പിന്നാക്കസമുദായത്തിൽ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. 1958-ൽ കമ്മീഷണിസ്റ്റു ഗവണ്മെന്റു് ഉദ്യോഗസംവരണത്തിനായി ഉണ്ടാക്കിയ ലിസ്റ്റിൽ മലബാറിലെ പെരുമണ്ണാൻ സമുദായത്തെക്കൂടി പട്ടികജാതി ലിസ്റ്റിൽ പ്പെടുത്തിയിരുന്നു. പക്ഷേ പ്രസിഡന്റു് അംഗീകരിച്ച ലിസ്റ്റിൽ ഈ സമുദായമില്ലായിരുന്നതുകൊണ്ടാണു് അതു തിരുത്തി 1962-ൽ ഈ ഗവണ്മെന്റു് ഒരു കല്പന പുറപ്പെടുവിച്ചതു്. എന്നാൽ ഈ സമുദായത്തിനു് എല്ലാ വിദ്യാഭ്യാസസൗജന്യങ്ങളും നൽകിവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഇന്നത്തെ തിരൂർ താലൂക്ക് മുൻപ് പൊന്നാനി താലൂക്കിലായിരുന്നു. ആ കാലത്തു് അവിടെയുള്ള പടന്ന, വേട്ടുവൻ മുതലായ സമുദായങ്ങളെ പട്ടികജാതിയിൽപ്പെടുത്തി എല്ലാ സൗജന്യങ്ങളും കൊടുത്തുവന്നിരുന്നു. എന്നാൽ ഇന്നു തിരൂർ താലൂക്ക് ഫാം ചെയ്തതിനുശേഷം പൊന്നാനിയിൽ മാത്രമേ ഈ സമുദായക്കാർ പട്ടികജാതിയിൽപ്പെടുന്നുള്ളൂ. ഈ അന്തരം തീർക്കാൻവേണ്ടി ഗവണ്മെൻറ് ഒരു എക്സി കൃട്ടിവ് ആർഡർ പുറപ്പെടുവിച്ച് വേണ്ട നടപടിസ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: പടന്ന, വേട്ടുവൻ സമുദായക്കാർ മലബാറിലുണ്ട്. തിരു-കൊച്ചി ഭാഗത്തു് ഈ സമുദായക്കാരെ ഷെഡ്യൂൾഡ് കാസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലബാർ ഭാഗത്തു് ഈ സമുദായക്കാരെ പിന്നാക്കസമുദായത്തിലാണ് ഉൾപ്പെടുത്തിട്ടുള്ളതു്. ഈ സമുദായങ്ങൾക്കൊക്കെ വിദ്യാഭ്യാസ സൗജന്യങ്ങളും നൽകാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഓ. കോരൻ: മലബാർ ഭാഗത്തുള്ള പുലയ വിഭാഗത്തെ ഏതു ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതു്? ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള ലിസ്റ്റു ഭേദഗതി ചെയ്യാൻ പാർലമെൻറിനല്ലാതെ സ്റ്റേറ്റു ഗവണ്മെൻറിനു് അധികാരമുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: 1956-ലെ ലിസ്റ്റു പ്രകാരം മലബാറിലെ പുലയസമുദായത്തെ ഷെഡ്യൂൾഡ് ട്രൈബ്സ് ലിസ്റ്റിൽപ്പെടുത്തിയിരുന്നു. പക്ഷേ കൂടുതൽ ആനുകൂല്യം അവർക്കു കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറിനറിയാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പട്ടികജാതിക്കാരുടെ ലിസ്റ്റിൽ പല അനാമലികളുമുണ്ടെന്നു ഇവാലുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽത്തന്നെ പൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ അനാമലി പരിഹരിക്കാൻ എന്തു നടപടിയാണ് എടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്?

ശ്രീ. കെ. കുഞ്ഞമ്പു: പട്ടികജാതിക്കാരുടെ ലിസ്റ്റു തയ്യാറാക്കുന്നതിനൊന്നും സ്റ്റേറ്റു ഗവണ്മെൻറിനു് അധികാരമില്ല. ഇൻഡ്യാ ഗവണ്മെൻറിനോടു് ഈ അനാമലികളും പരിഹരിക്കുന്നതിനുവേണ്ടി ശുപാർശചെയ്യാൻ മാത്രമേ ഈ ഗവണ്മെൻറിനു് സാധിക്കുകയുള്ളൂ. അങ്ങനെ ചെയ്തിട്ടും ഉണ്ടു്.

ശ്രീ. സി. അച്യുതമേനോൻ: മന്ത്രി പറഞ്ഞ ഉത്തരത്തിൽനിന്നതന്നെ വ്യക്തമാണു്, 1958-ൽ ഉണ്ടായിരുന്ന കല്പന തെറ്റാണെന്നും മലബാറിലെ പെരുമണ്ണാൻ സമുദായക്കാർക്കു് സക്കാർ സർവ്വീസിലുണ്ടായിരുന്ന പ്രാതിനിദ്ധ്യം പിൻവലിച്ചു എന്നുമുള്ളതും. അതേ സമയത്തുതന്നെ പുലയ സമുദായത്തെ സംബന്ധിച്ചിടത്തോളം തെറ്റായ ആർഡർ ഉണ്ടായിരുന്നു. അതു വളരെ വ്യക്തമായ വിവേചനമല്ലേ? മന്ത്രിയുടെ സൗകര്യത്തിനുവേണ്ടിയല്ലേ ഇങ്ങനെ ചെയ്യുന്നതു്?

ശ്രീ. കെ. കുഞ്ഞമ്പു: ഞാൻ യാതൊരു വിവേചനവും കാണിച്ചില്ല. ഇതു് കമ്മ്യൂണിസ്റ്റു ഗവണ്മെൻറിൻെറ കാലത്തുചെയ്ത ഒരു തെറ്റാണു്. മലബാറിലെ പുലയ സമുദായത്തിനു വന്പിച്ച ഒരു നഷ്ടമാണു് കമ്മ്യൂണിസ്റ്റു ഗവണ്മെൻറിൻെറ കാലത്തുള്ള കല്പനകൊണ്ടു് ചെയ്തിട്ടുള്ളതു്. ഈ പെരുമണ്ണാൻ സമുദായത്തെ ഷെഡ്യൂൾഡ് കാസ്റ്റി ൻെറ ലിസ്റ്റിൽപ്പെടുത്താൻ ഈ ഗവണ്മെൻറിനു് അധികാരമില്ല.

ശ്രീ. സി. അച്യുതമേനോൻ: ഇത്ര ഒച്ചയെടുത്തു സംസാരിച്ചതുകൊണ്ടു് ചോദ്യത്തിൻെറ പ്രസക്തി പോകുകയില്ല. പെരുമണ്ണാൻ സമുദായത്തെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസ്റ്റു മന്ത്രിസഭ ചെയ്തതു് തെറ്റാണെന്ന വസ്തുത ഞാൻ തിരുത്തുന്നു. പക്ഷേ അതേ നിയമപ്രകാരം പുലയ സമുദായത്തെ സംബന്ധിച്ചിടത്തോളം മന്ത്രി സ്വീകരിച്ചതു് വ്യക്തിപരമായ വിവേചനമല്ലേ എന്നു ഞാൻ ചോദിക്കുകയാണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: യാതൊരു വ്യക്തിപരമായ വിവേചനത്തിനും ഇടയില്ല. 1958-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയോണ് ഈ കഴപ്പമെല്ലാം സൃഷ്ടിച്ചുകൊണ്ട് നടപടി സ്വീകരിച്ചത്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: 1958-ൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പെരുമണ്ണാൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽപ്പെടുത്തി എന്നു പറയുകയുണ്ടായി. ഈ ലിസ്റ്റിൽപ്പെടുത്തിയിരുന്ന സമുദായത്തെ മന്ത്രിസഭയോട് ആലോചിച്ചുകൊണ്ടാണോ, മന്ത്രിസഭയുടെ ഉത്തരവാദിത്വത്തോടുകൂടിയാണോ ലിസ്റ്റിൽനിന്ന് മാറ്റിയത്?

ശ്രീ. കെ. കുഞ്ഞമ്പു: ഈ സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം ഇൻഡ്യാ ഗവണ്മെൻറിനാണ്. എന്നാൽ തിരു-കൊച്ചി ഭാഗത്തുള്ള പെരുമണ്ണാൻ സമുദായത്തെ വളരെക്കാലംമുമ്പുതന്നെ ഷെഡ്യൂൾഡ് കാസ്റ്റ് ലിസ്റ്റിൽപ്പെടുത്തിയതാണ്. മലബാറിലെ ഈ പെരുമണ്ണാൻ സമുദായം പിന്നാക്കസമുദായത്തിൽപ്പെട്ടതാണ്. 1958-ൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ മലബാറിലുള്ള പെരുമണ്ണാൻ സമുദായത്തെയും ഈ ലിസ്റ്റിൽപ്പെടുത്തി. ഈ ലിസ്റ്റിന്റെ പ്രകാരം ഏതാനും ചില പെരുമണ്ണാൻ സമുദായത്തിലെ ആളുകൾ ഇൻഡ്യാ ഗവണ്മെൻറിലെ സർവ്വീസിൽ കടന്നുകൂടുകയുണ്ടായി. ഇൻഡ്യാ ഗവണ്മെൻറ് അവരെ കണ്ടുപിടിക്കുകയും തെറ്റു തിരുത്തുന്നതിനു് ഈ ഗവണ്മെൻറിനോടാവശ്യപ്പെടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം ക്യാബിനറ്റിൽ കൊണ്ടുവരികയും ഒരു തീരുമാനം എടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ പെരുമണ്ണാൻ സമുദായത്തിനു് സർവ്വീസ്സിലെ സംവരണമൊഴിച്ചു് ബാക്കി എല്ലാ സൗജന്യങ്ങളും നൽകിവരുന്നുണ്ട്.

ശ്രീ. ടി. സി നാരായണൻ നമ്പ്യാർ: സർ, ഏ പായൻറ് ആഫ് ആർഡർ. 1958-ൽ ഈ സമുദായത്തെ കമ്മ്യൂണിസ്റ്റ് ഗവണ്മെൻറ് പട്ടികജാതി ലിസ്റ്റിൽപ്പെടുത്തുകയുണ്ടായി. ഇൻഡ്യാ ഗവണ്മെൻറ് ഈ ഗവണ്മെൻറിനോട് ആവശ്യപ്പെട്ടിട്ടാണോ ക്യാബിനറ്റ് ഇങ്ങനെ ഒരു തീരുമാനമെടുത്തതെന്നുള്ളതല്ല ഇവിടെ പ്രശ്നം. ഈ ഗവണ്മെൻറിന്റെ ഉത്തരവാദിത്വം എന്താണ്, ഇതു തുടരണമെന്നു് ഇൻഡ്യാ ഗവണ്മെൻറിനെ ഈ ഗവണ്മെൻറ് അറിയിച്ചോ എന്നുള്ളതാണ് പ്രശ്നം. ഇങ്ങനെ വിവരം അറിയുന്നതിനു വേണ്ടി ചോദ്യം ചോദിച്ചാൽ അതിനുത്തരം പറയാതെ അഡ്വായ്ഡ് ചെയ്തുകൊണ്ട് മറുപടിയിൽ പറയുന്നതു ശരിയാണോ?

ശ്രീ. കെ. കുഞ്ഞമ്പു: സംസ്ഥാന ഗവണ്മെൻറ് ഇങ്ങനെയൊരു തീരുമാനമെടുക്കുവാനുണ്ടായ കാരണങ്ങളും ഞാനിവിടെ പറഞ്ഞുകഴിഞ്ഞു. ഈ കാര്യം ഇൻഡ്യാ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെടുകയുണ്ടായി. ഇൻഡ്യാ ഗവണ്മെൻറ് ഇതു് തിരുത്തണമെന്നുകാണിച്ചു് സംസ്ഥാന ഗവണ്മെൻറിനു് നിർദ്ദേശം തരികയുണ്ടായി. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവണ്മെൻറ് ഇങ്ങനെയൊരു മാറ്റം വരുത്തിയിട്ടുള്ളതെന്നു ഞാൻ നേരത്തേതന്നെ വ്യക്തമാക്കുകയുണ്ടായി.

ശ്രീ. എം. നാരായണക്കുറുപ്പ്: തെറ്റു് ആരിൽ നിന്നായാലും മലബാറിലെ മുന്നു വിഭാഗങ്ങൾക്കു് മുൻപു് കിട്ടിവന്നിരുന്ന ആനുകൂല്യം ഇന്നു ഇല്ലാതെയായിരിക്കുകയാണ്. അതു തെറ്റാണെങ്കിൽ ആ തെറ്റു് കേന്ദ്ര ഗവണ്മെൻറിനെക്കൊണ്ടു് തിരുത്തിപ്പിക്കാൻ ഈ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: അവിടെയുള്ള ഹരിജനങ്ങൾക്കും പെരുമണ്ണാൻ തുടങ്ങിയ സമുദായങ്ങൾക്കുമെല്ലാം വിദ്യാഭ്യാസപരമായ എല്ലാ സൗജന്യങ്ങളും തുടർന്നുകൊടുക്കാൻ സംസ്ഥാന ഗവണ്മെൻറ് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നു മാത്രമല്ല ഈ സമുദായങ്ങളെയെല്ലാംകൂടി പട്ടികജാതി ലിസ്റ്റിൽ പ്പെടുത്തണമെന്നുകാണിച്ചു് ഇൻഡ്യാ ഗവണ്മെൻറിനു് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ഒരവസാനതീരുമാനമെടുക്കേണ്ടതു് ഇൻഡ്യാ ഗവണ്മെൻറാണ്. സംസ്ഥാന ഗവണ്മെൻറ് കേന്ദ്ര ഗവണ്മെൻറിൽ അതിനു വേണ്ട സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly